REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-08-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ത്യാ-ഫിലിപ്പീൻസ് പങ്കാളിത്തം ഇരുരാജ്യങ്ങളിലും സമാധാനത്തിനും സുസ്ഥിരതക്കും സമൃദ്ധിക്കും ഏറെ പ്രയോജനകരമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ കർത്തവ്യ ഭവൻ-3 ഉദ്ഘാടനം ചെയ്യും.**
- **43,000 കുടുംബങ്ങൾക്ക് മുൻഗണനാ റേഷൻ കാർഡുകളുടെ വിതരണോദ്ഘാടനം മന്ത്രി GR അനിൽ വൈകിട്ട് തിരുവനന്തപുരത്ത് നിർവഹിക്കും.**
- **ഉത്തരാഖണ്ഡിൽ മിന്നൽപ്രളയത്തിൽ വ്യാപക നാശനഷ്ടം.**
- **സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴ തുടരുന്നു. കാസർഗോഡ്, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ വിദ്യാലയങ്ങൾക്ക് അവധി. മത്സ്യബന്ധനത്തിന് വിലക്ക്.**
- **സംസ്ഥാനത്ത് തദ്ദേശതെരഞ്ഞെടുപ്പിന് വോട്ടർ പട്ടികയിൽ പേര് ചേർക്കാനും തിരുത്താനും നാളെ വരെ അവസരം.**

## വാർത്തകൾ വിശദമായി

ഇന്ത്യാ-ഫിലിപ്പീൻസ് പങ്കാളിത്തം ഇരുരാജ്യങ്ങളിലും സമാധാനത്തിനും സുസ്ഥിരതക്കും സമൃദ്ധിക്കും ഏറെ പ്രയോജനകരമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.........വോയ്സ്.........

ഇന്ത്യ സന്ദർശിക്കുന്ന ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാർഡ് ആർ മാർക്കോസിനെ സ്വാഗതം ചെയ്ത രാഷ്ട്രപതി ഇരുരാജ്യങ്ങളും തമ്മിൽ ശക്തമായ പ്രതിരോധ, സുരക്ഷാ സഹകരണം ഉറപ്പുവരുത്തുമെന്ന് വ്യക്തമാക്കി.

ഉഭയകക്ഷി ബന്ധങ്ങളെ തന്ത്രപരമായ പങ്കാളിത്തതിലേക്ക് ഉയർത്തുന്നതിലൂടെ ഇന്ത്യയും ഫിലിപ്പീൻസും തമ്മിൽ ബഹുമുഖ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് രാഷ്ട്രപതി പറഞ്ഞു. നാഗരിക ബന്ധങ്ങൾ, ചരിത്രപരമായ സഹകരണം, പൊതുമൂല്യങ്ങൾ എന്നിവയിൽ അധിഷ്ഠിതമായ ദീർഘകാല സൗഹൃദമാണ് ഇന്ത്യയും ഫിലിപ്പീൻസും പങ്കിടുന്നതെന്ന് അവർ പറഞ്ഞു.

പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ചതിനും തീവ്രവാദത്തിനെതിരായ പോരാട്ടത്തിൽ ഇന്ത്യക്ക് പിന്തുണ നൽകിയതിലും ഫിലിപ്പീൻസ് ഗവൺമെന്റിന് രാഷ്ട്രപതി നന്ദി അറിയിച്ചു.

നയതന്ത്രബന്ധം സ്ഥാപിച്ചതിന്റെ 75-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് ഫിലിപ്പീൻസ് പ്രസിഡന്റിന്റെ സന്ദർശനം ഇരുരാജ്യങ്ങളും തമ്മിൽ ശക്തമായ പങ്കാളിത്തം കെട്ടിപ്പടുക്കാൻ സഹായിക്കുമെന്ന് ഇരു നേതാക്കളും അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ കർത്തവ്യ ഭവൻ-3 ഉദ്ഘാടനം ചെയ്യും. പിന്നീട് നടക്കുന്ന പൊതുപരിപാടിയേയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. ഡൽഹിയിലെ വിവിധ മന്ത്രാലയങ്ങളെയും വകുപ്പുകളെയും ഒരു കൂടക്കീഴിലാക്കി കാര്യക്ഷമത, നവീകരണം, സഹകരണം എന്നിവ വർദ്ധിപ്പിക്കുന്നതിനാണ് കർത്തവ്യ ഭവൻ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കേന്ദ്രമന്ത്രി മനോഹർ ലാൽ ന്യൂഡൽഹിയിൽ അറിയിച്ചു. രണ്ട് ബേസ്മെന്റുകളിലും ഏഴ് നിലകളിലുമായി ഏകദേശം ഒന്നര ലക്ഷം ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ആധുനിക ഓഫീസ് സമുച്ചയമാണ് കർത്തവ്യ ഭവൻ -3.

✪✪✪

ബിഹാറിലെ വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രതിപക്ഷ ബഹളത്തിനിടെ ലോക്സഭ ഇന്നലെ ഗോവ നിയമസഭാ മണ്ഡലങ്ങളിലെ പട്ടികവർഗ പ്രാതിനിധ്യ പുനഃക്രമീകരണ ബിൽ 2025 ശബ്ദവോട്ടോടെ പാസാക്കി. നിയമസഭ സീറ്റുകൾ പുനഃക്രമീകരിക്കാനും പട്ടിക വർഗ പ്രാതിനിധ്യം ഉറപ്പാക്കാനും ലക്ഷ്യമിട്ടുള്ളതാണ് ബിൽ. ഗോവ നിയമസഭയിൽ

പട്ടികവർഗക്കാർക്ക് സംവരണം ലക്ഷ്യമിട്ടാണ് ബിൽ കൊണ്ടുവന്നതെന്ന് കേന്ദ്ര മന്ത്രി അർജുൻ റാം മേഘ്‌വാൾ അറിയിച്ചു. നടപ്പ് സമ്മേളനത്തിൽ ലോക്സഭ പാസാക്കുന്ന ആദ്യ ബില്ലാണിത്.

✪✪✪

ജമ്മു കശ്മീർ, ബീഹാർ, ഗോവ, മേഘാലയ സംസ്ഥാനങ്ങളുടെ മുൻ ഗവർണറായിരുന്ന സത്യപാൽ മാലിക്കിന്റെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു അനുശോചിച്ചു. വിയോഗം ദുഃഖകരമാണെന്നും കുടുംബത്തെ അനുശോചനം അറിയിക്കുന്നെന്നും രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

ദീർഘനാളത്തെ അസുഖത്തെ തുടർന്ന് ഇന്നലെ ഉച്ചയ്ക്ക് ന്യൂഡൽഹിയിലായിരുന്നു 79-കാരനായ സത്യപാൽ മാലിക്കിന്റെ അന്ത്യം.

✪✪✪

പ്രധാൻമന്ത്രി കിസാൻ പദ്ധതി പ്രകാരം ആനുകൂല്യ തുക വർദ്ധിപ്പിക്കുന്നതിന് ഒരു നിർദ്ദേശവും നിലവിൽ പരിഗണനയിൽ ഇല്ലെന്ന് കേന്ദ്രസഹമന്ത്രി രാംനാഥ് താക്കൂർ ലോക്സഭയെ അറിയിച്ചു. കൃഷിയോഗ്യമായ ഭൂമി കൈവശം വച്ചിരിക്കുന്ന കർഷകരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി 2019 ഫെബ്രുവരിയിൽ ആരംഭിച്ച പദ്ധതിയിൽ, പ്രതിവർഷം 6,000 രൂപയുടെ സാമ്പത്തിക ആനുകൂല്യം മൂന്ന് തുല്യ ഗഡുക്കളായി, DBT മോഡ് വഴി കർഷകരുടെ ആധാർ ബന്ധിപ്പിച്ച ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നുണ്ടെന്നും രേഖാമൂലം നൽകിയ മറുപടിയിൽ കേന്ദ്ര സഹമന്ത്രി അറിയിച്ചു.

✪✪✪

സഹകരണ സ്ഥാപനങ്ങളെ ഊർജ്ജസ്വലവും വിജയകരവുമായ ബിസിനസ് യൂണിറ്റുകളാക്കി മാറ്റാൻ സഹകരണ മന്ത്രാലയം പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി അമിത് ഷാ പറഞ്ഞു. 5 വർഷത്തിനുള്ളിൽ രാജ്യത്ത് രണ്ട് ലക്ഷം വിവിധോദ്ദേശ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക എന്ന ലക്ഷ്യം കണക്കിലെടുത്ത് ഇതുവരെ 35,000ത്തിലധികം പുതിയ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

SAP ലാബ്സ് ഇന്ത്യാ ഇന്നോവേഷൻ പാർക്ക് ഇന്ത്യയുടെ വളർച്ചാ ചരിത്രത്തിൽ സമയോചിത നിക്ഷേപമാണെന്ന് മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ബംഗളൂരുവിലെ ദേവനഹള്ളിയിൽ ഇന്നൊവേഷൻ പാർക്ക് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതിനും സുരക്ഷാ കാഴ്ചപ്പാടുകൾ ചർച്ച ചെയ്യുന്നതിനും ലക്ഷ്യമിട്ട് ന്യൂഡൽഹിയിൽ ഇന്ത്യ-ന്യൂസിലാന്റ് പ്രതിരോധ നയതന്ത്ര ചർച്ചക്ക് തുടക്കമായി. രാജ്യരക്ഷാ മന്ത്രാലയം ജോയിന്റ് സെക്രട്ടറി അമിതാഭ് പ്രസാദ്, ന്യൂസിലാന്റ് പ്രതിരോധ മന്ത്രാലയത്തിലെ അന്താരാഷ്ട്ര മേധാവി കാത്‌ലിൻ പിയേഴ്സ് എന്നിവരുടെ അധ്യക്ഷതയിലായിരുന്നു യോഗം.

✪✪✪

നിയന്ത്രണരേഖയിൽ വെടിനിർത്തൽ ലംഘനം നടന്നിട്ടില്ലെന്ന് ഇന്ത്യൻ സൈന്യം വ്യക്തമാക്കി. പൂഞ്ച് മേഖലയിൽ വെടിനിർത്തൽ ലംഘനമുണ്ടായതായി മാധ്യമ റിപ്പോർട്ടുകൾ പുറത്തുവന്നതിനെ തുടർന്നാണ് വിശദീകരണം.

✪✪✪

ഇന്ന് ഹിരോഷിമ ദിനം. 1945 ഓഗസ്റ്റ് 6 ന്, ജപ്പാൻ നഗരമായ ഹിരോഷിമയിലാണ് മനുഷ്യചരിത്രത്തിലെ ആദ്യത്തെ അണുബോംബ് വർഷിച്ചത്. B-29 ബോംബർ വിമാനം എത്തിച്ച ആണവ ബോംബിന് 'ലിറ്റിൽ ബോയ്' എന്ന രഹസ്യനാമം നൽകി. ആണവ ആക്രമണത്തിൽ കൊല്ലപ്പെട്ടവരെ അനുസ്മരിക്കാനും ആണവയുദ്ധത്തിന്റെ മാനുഷിക പ്രത്യാഘാതങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനുമാണ് എല്ലാ വർഷവും ഓഗസ്റ്റ് 6 ഹിരോഷിമാ ദിനമായി ആചരിക്കുന്നത്.

✪✪✪

43,000 കുടുംബങ്ങൾക്ക് മുൻഗണനാ റേഷൻ കാർഡുകളുടെ വിതരണോദ്ഘാടനം മന്ത്രി GR അനിൽ വൈകിട്ട് തിരുവനന്തപുരത്ത് നിർവഹിക്കും. ഈ മാസം കിലോയ്ക്ക് 10 രൂപ 90 പൈസ നിരക്കിൽ ഓണം സ്പെഷ്യൽ അരി വിതരണം ചെയ്യുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. പിങ്ക് കാർഡ് വിഭാഗത്തിന് നിലവിലെ വിഹിതത്തിന് പുറമെ 5 കിലോ അരിയും, നീല കാർഡുകാർക്ക് 10 കിലോ അരിയും ലഭിക്കും. എല്ലാ വിഭാഗങ്ങൾക്കും മണ്ണെണ്ണ വിതരണം ചെയ്യുമെന്നും ഗവണ്മെന്റ് അറിയിച്ചു.

✪✪✪

ഉത്തരാഖണ്ഡിലെ ഉത്തരകാശി ജില്ലയിലെ ധരാലിയിലുണ്ടായ മേഘവിസ്ഫോടനത്തിലും മിന്നൽപ്രളയത്തിലും വ്യാപക നാശനഷ്ടം. ഗംഗാ നദി കരകവിഞ്ഞൊഴുകി. ധരാലി ഗ്രാമത്തിലെ ഭൂരിഭാഗവും ഒലിച്ചു പോയി. സൈന്യം, SDRF, NDRF, ജില്ലാ ഭരണകൂടം എന്നിവയുടെ സഹായത്തോടെ ദുരിതാശ്വാസ, രക്ഷാ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

പ്രധാനമന്ത്രി നരേന്ദ്രമോദിയും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷായും ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമിയുമായി സ്ഥിതിഗതികൾ വിലയിരുത്തി. സംസ്ഥാന ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ രക്ഷാപ്രവർത്തനത്തിന് സാധ്യമായ എല്ലാ വഴികളും സ്വീകരിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി സാമൂഹികമാധ്യമ പോസ്റ്റിൽ കുറിച്ചു. മേഘവിസ്ഫോടനത്തിൽ ദുരിതമനുഭവിക്കുന്ന ജനങ്ങളോട് ദുഃഖം രേഖപ്പെടുത്തിയ പ്രധാനമന്ത്രി അവരുടെ ക്ഷേമത്തിനായി പ്രാർത്ഥിക്കുന്നതായി പറഞ്ഞു.

✪✪✪

ഉത്തരകാശി ധരാലിയിലുണ്ടായ മേഘവിസ്ഫോടനത്തിൽ ജീവൻ നഷ്ടമായവരുടെ കുടുംബത്തെ രാഷ്ട്രപതി ദ്രൗപതി മുർമു അനുശോചനം അറിയിച്ചു. ദുരന്തത്തിൽ ദുഃഖം രേഖപ്പെടുത്തിയ രാഷ്ട്രപതി രക്ഷാപ്രവർത്തനങ്ങൾ അതിവേഗം സാധ്യമാവട്ടെയെന്നും ആശംസിച്ചു.

✪✪✪

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴ തുടരുകയാണ്. തെക്കൻ ജില്ലകളിൽ മഴയ്ക്ക് നേരിയ ശമനമുണ്ട്.

ഡെസ്ക് റിപ്പോർട്ട്..

.......വോയ്സ്.........

അതിശക്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് കണ്ണൂർ, കാസർകോട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയും നൽകി.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മത്സ്യബന്ധനത്തിന് കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് തീവ്ര മഴ സാധ്യത കണക്കിലെടുത്ത് കാസർഗോഡ്, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കളക്ടർമാർ അവധി പ്രഖ്യാപിച്ചു.

കാസർഗോഡ്, തൃശ്ശൂർ ജില്ലകളിൽ പ്രൊഫഷണൽ കോളേജുകൾ, സ്കൂളുകൾ, കോളേജുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ, ട്യൂഷൻ സെന്ററുകൾ, മദ്രസകൾ, അങ്കണവാടികൾ, സ്പെഷ്യൽ ക്ലാസുകൾ എന്നിവയ്ക്ക് അവധി ബാധകമാണ്.

കണ്ണൂരിൽ സ്കൂളുകൾ, അങ്കണവാടികൾ, മതപഠന സ്ഥാപനങ്ങൾ, ട്യൂഷൻ സെന്ററുകൾ എന്നിവയ്ക്കാണ് അവധി. തൃശൂർ ജില്ലയിൽ റസിഡൻഷ്യൽ

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി ഉണ്ടായിരിക്കില്ല. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്കും മാറ്റമില്ല.

✪✪✪

സംസ്ഥാനത്ത് തദ്ദേശതെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ പേര് ചേർക്കാനും തിരുത്താനും നാളെ വരെ അവസരം. പേര് ഉൾപ്പെടുത്താൻ ഇതുവരെ പത്തു ലക്ഷത്തിലേറെ പേർ അപേക്ഷ നൽകി. ഈ മാസം 30 ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും.

✪✪✪

മുൻ ഹോസ്ദുർഗ്ഗ് MLA-യും CPI നേതാവുമായ എം.നാരായണൻ അന്തരിച്ചു. അസുഖത്തെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സയിലിരിക്കെയാണ് 69 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. സംസ്കാരം വൈകിട്ട് നീലേശ്വരം എളേരിയിലെ സമുദായ ശ്മശാനത്തിൽ നടത്തും.

എം.നാരായണന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയും CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദനും നിര്യാണത്തിൽ അനുശോചിച്ചു.

✪✪✪

കോഴിക്കോട് കുണ്ടൂപറമ്പ് പകൽ വീടിനെ സാമൂഹികനീതി വകുപ്പിന്റെ ജില്ലയിലെ മാതൃകാ സായംപ്രഭാ ഹോമായി ഏറ്റെടുക്കുമെന്ന് മന്ത്രി ഡോ. R ബിന്ദു അറിയിച്ചു. പകൽ വീട് സന്ദർശനത്തിനിടെയാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

✪✪✪

ചെങ്ങന്നൂരിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന പാലം തകർന്നു വീണതിന്റെ പൂർണമായ ഉത്തരവാദിത്തം വകുപ്പും മന്ത്രിയും ഏറ്റെടുക്കണമെന്ന് പ്രതിപക്ഷനേതാവ് വിഡി സതീശൻ ആവശ്യപ്പെട്ടു. പാലാരിവട്ടം പാലവുമായി ബന്ധപ്പെട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നത്തെ മന്ത്രിക്കെതിരെ കേസെടുത്ത് ജയിലിൽ അടയ്ക്കാൻ ശ്രമിച്ച ഗവൺമെന്റാണ് പിണറായിയുടേതെന്നും അതുകൊണ്ടാണ് ചെങ്ങന്നൂരിൽ പാലം തകർന്നു വീണതിന്റെ ഉത്തരവാദിത്തം മന്ത്രിക്കാണെന്നു പറയാൻ കാരണമെന്നും അദ്ദേഹം ഡൽഹിയിൽ പറഞ്ഞു.

✪✪✪

തിരുവനന്തപുരം ജില്ലയിലെ വിദ്യാലയങ്ങളിൽ വിദ്യാർഥികളുടേയും അധ്യാപകരുടേയും സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഉപയോഗപ്രദമല്ലാത്ത കെട്ടിടങ്ങൾ യുദ്ധകാലടിസ്ഥാനത്തിൽ പൊളിച്ചു നീക്കാൻ ജില്ലാ കളക്ടർ ഉത്തരവിട്ടു.

ഇതിന്റെ ഭാഗമായി വാല്യുവേഷൻ ടെൻഡറിംഗ് നടപടികൾ വേഗത്തിലാക്കുന്നതിനും സ്കൂൾ പരിസരങ്ങളിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയതായി ജില്ലാ കളക്ടർ അറിയിച്ചു.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: നിമിഷ ജി*
*NRTs: ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*